LIBRARY ARCHIVES Kerala Legislative Assembly

എൻ. ആർ. എച്ച്. എം.-ന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികൾ

9 (2218) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം. ന്റെ നിയന്ത്രണത്തിലുള്ള ഏതെല്ലാം ആശുപത്രികൾക്ക് എം.എൽ.എ. ഫണ്ട്, അസറ്റ് ഡെലവപ്മെന്റ് ഫണ്ട്, എന്നിവ ഉപയോഗിച്ച് കെട്ടിട നിർമ്മാണ പ്രവൃത്തികളും അടിസ്ഥാന സൗകര്യ വികസനവും നടത്തിയിട്ടുണ്ട് ; വിശദമായ പട്ടിക ലഭ്യമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് എൻ.യു.എച്ച്.എം.-ന് കീഴിൽ അല്ലാതെ, നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ആശുപത്രികൾ പ്രവർത്തിക്കുന്നില്ല. എൻ.യു.എച്ച്. എം-ൽ എം.എൽ.എ. ഫണ്ട്, അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് എന്നിവ ഉപയോഗിച്ച് യാതൊരുവിധ നിർമ്മാണ പ്രവൃത്തികളും അടിസ്ഥാനസൗകര്യ വികസനവും നടത്തിയിട്ടില്ല.

ഭക്ഷണശാലകളിലെ ഭക്ഷ്യഎണ്ണയുടെ പുനരുപയോഗം

10 (T2219) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഴിയോര ഭക്ഷണ-വിശ്രമ ശാലകളുൾപ്പെടെ വ്യാപകമായി ഉപയോഗിച്ച ഭക്ഷ്യഎണ്ണ വീണ്ടും ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാൻസറടക്കം നിരവധി മാരക രോഗങ്ങൾക്ക് കാരണമാകുന്ന ഈ പ്രവർത്തി നിയന്ത്രിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് ;

(സി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെകാലത്ത് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അറിയിക്കുമോ ;

(ഡി) ആയതിന്മേൽ എത്ര കേസ്സുകൾക്ക് നാളിതുവരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ ഓഫീസർമാർ നടത്തുന്ന പരിശോധനകളിൽ പഴകിയ എണ്ണയുടെ ഉപയോഗം കണ്ടെത്തിയാൽ ആയത് പിടിച്ചെടുത്ത് നശിപ്പിക്കുന്നതും നോട്ടീസടക്കം നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) 3 കേസുകൾ ഇടുക്കി ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. മറ്റ് ജില്ലകളിൽ ഇത് സംബന്ധിച്ച് നിയമാനുസൃത നോട്ടീസ് നൽകിയിട്ടുള്ളതാണ്

(ഡി) 3 കേസുകൾ പിഴശിക്ഷ വിധിച്ചിട്ടുള്ളതാണ്.

എല്ലാ പഞ്ചായത്തുകളിലും ആശുപത്രികൾ

11 (2220) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും അലോപ്പതി, ആയുർവേദം, ഹോമിയോ ആശുപത്രികൾ നിലവിലുണ്ടോ ; ഇതിൽ ഏത് വിഭാഗത്തിലുള്ള ആശുപത്രികളാണ് ഇല്ലാത്തതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ആയത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാരിന്റെകാലത്ത് പ്രസ്തുത വിഭാഗങ്ങളിലായി എത്ര ആശുപത്രികൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. സംസ്ഥാനത്ത് ഒരു പഞ്ചായത്തിൽ അലോപ്പതി ആശുപത്രിയും 4 പഞ്ചായത്തുകളിൽ ആയുർവേദ ആശുപത്രികളും 318 പഞ്ചായത്തുകളിൽ ഹോമിയോ ആശുപത്രികളും നിലവിലില്ല.

(ബി) ഘട്ടം ഘട്ടമായി ആരംഭിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly